III സബ്മിഷൻ

(1) പൂഞ്ഞാർ, കൂട്ടിക്കൽ ആശുപത്രികൾക്ക് സ്വന്തമായി കെട്ടിടം

ശ്രീ. പി. സി. ജോർജ് :—സർ, പൂഞ്ഞാർ, കൂട്ടിക്കൽ എന്നീ രണ്ടു ഡിസ്പെൻസറികളും കഴിഞ്ഞവർഷം പ്രൈമറി ഹെൽത്ത് സെന്ററുകളാക്കി മാറ്റി. ഡിസ്പെൻസറിയായിരുന്നപ്പോഴും അവിടെ ഡോക്ടർമാരില്ലായിരുന്നു. ഇപ്പോഴും ദൈവാധീനം കൊണ്ട് പ്രൈമറി ഹെൽത്ത് സെന്ററാക്കിയപ്പോഴും ഓരോ ഡോക്ടർമാർ ഈ രണ്ടു ഡിസ്പെൻസറികളിലും ഉണ്ട്. ഈ രണ്ടു ഡിസ്പെൻസറികൾക്കും കെട്ടിടമില്ല. ഉണ്ടായിരുന്ന കെട്ടിടങ്ങളും തന്നെ ചോർന്നൊലിക്കുന്നു. രോഗികൾക്ക് കിടക്കാൻ നിവൃത്തിയില്ല. മെയിന്റനൻസു നടത്തിയിട്ടില്ല. ഈ രണ്ടു പ്രൈമറി ഹെൽത്ത് സെന്ററുകളും ഒരു മാതിരി മനുഷ്യർക്കു ചികിൽസിക്കുന്ന നിലയിലാക്കി എന്നെയും എന്റെ നിയോജക മണ്ഡലത്തിലെ രണ്ടു പഞ്ചായത്തുകളെയും രക്ഷിക്കണമെന്ന് താഴ്മയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇതിനെക്കുറിച്ച് ഗവൺമെന്റിനു ഔദ്യോഗികമായ പരാതിയൊന്നും കിട്ടിയിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യത്തെ സംബന്ധിച്ച് എന്താണ് സ്ഥിതിയെന്നുള്ളത് രണ്ടു ദിവസത്തെ സമയംകൊണ്ട് അന്വേഷിക്കുവാൻ കഴിഞ്ഞിട്ടില്ല. വിശദവിവരം അന്വേഷിച്ച് അതിന്റെ വിഷമതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ വേണ്ട നിർദ്ദേശം ഡയറക്ടർക്ക് കൊടുത്തിരിക്കുകയാണ്.

അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ

(2) കുട്ടനാടൻ പാടശേഖരങ്ങളിൽ വെള്ളപ്പൊക്കംമൂലമുണ്ടായ കൃഷി നാശം

ശ്രീ. വി. കേശവൻ : സർ, കഴിഞ്ഞ ആഗസ്റ്റ് ആദ്യവാരത്തിലുണ്ടായ മഴയും വെള്ളപ്പൊക്കവും കൊണ്ട് ആലപ്പുഴ ജില്ലയിൽ പൊതുവെ സൻപിച്ച നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. എന്നാൽ കുട്ടനാട് പ്രദേശത്തെ ഏതാണ്ട് ഒരു ലക്ഷത്തി നാല്പത്തയ്യായിരത്തോളം ഏക്കർ കൃഷി ചെയ്യുന്ന പാടശേഖരങ്ങളാകെ വെള്ളത്തിനടിയിലാകുകയും നശിച്ചുപോവുകയും ചെയ്തു. അൻപതിനായിരം ഏക്കർ സ്ഥലത്തെ രണ്ടാം വിള ചെയ്തു. വിളഞ്ഞ് പാകമായി കൊയ്യാറായിക്കിടക്കുന്ന മുഴുവൻ നെല്ലും കൃഷിക്കാർക്ക് നഷ്ടപ്പെട്ടു. അനേകം വീടുകളും നഷ്ടപ്പെട്ടു. ധാരാളം വൃക്ഷങ്ങളും നശിച്ചു. ഇങ്ങനെ കുട്ടനാട്ടിൽ വെള്ളപ്പൊക്കവും നാശനഷ്ടങ്ങളും ഉണ്ടാകാൻ കാരണം ആഗസ്റ്റ് 6-ാം തീയതി പെയ്ത കനത്ത മഴയാണ്. മഴ വരുന്ന സമയത്ത് എല്ലാ സീസണിലും തണ്ണീർമുക്കം ബണ്ടിന്റെയും തോട്ടപ്പള്ളി സ്പിൽവേയുടേയും ഷട്ടറുകളും തുറന്ന് ആ വെള്ളം വേമ്പനാട് കായലിലേക്കും കടലിലേക്കും ഒഴുക്കിവിടുകയാണ് ചെയ്യുന്നത്. എന്നാൽ ഇപ്പോൾ ആഗസ്റ്റ് 9-ാം തീയതി നെഹ്രു ട്രോഫി വള്ളം കളി വന്നു. ആലപ്പുഴയിലെ പുന്നമട കായലിൽ ജലനിരപ്പ് ഉയർത്താൻവേണ്ടി ഷട്ടർ തുറക്കാതിരുന്നതിന്റെ ഫലമായി കുട്ടനാട്ടിൽ വെള്ളം പൊങ്ങി. കുട്ടനാടും അപ്പർ കുട്ടനാട് മേഖലയും ആകെ തകർന്നു ആലപ്പുഴ ജില്ലാകളക്ടർ ചെയർമാനും ആർ. ഡി. ഒ. സെക്രട്ടറിയുമായ ഒരു കമ്മറ്റിയാണ് വള്ളം കളി മൽസരം നടത്തിയത്. കൃഷിക്കാരും നാട്ടുകാരുമെല്ലാം ഷട്ടർ തുറന്ന് കുട്ടനാടിനെ രക്ഷിക്കണമെന്നാവശ്യപ്പെട്ടു. ആ സമയത്ത് യാതൊന്നും ചെയ്തില്ല. ആഗസ്റ്റ് 12-ാം

LIBRARY ARCHIVES Kerala Legislative Assembly